# വചനവിചിന്തനം ഒക്ടോബർ 4 ഞായർ, 2009

## കാനാൻകാരിയുടെ വിശ്വാസം

രോഗബാധിതയായ കുഞ്ഞിന്റെ നൊമ്പരങ്ങളെ നെഞ്ചേറ്റിയ വിജാതീയയായ ഒരു അമ്മയുടെ വിശ്വാസത്തിനു മുമ്പിൽ അത്ഭുതം പ്രവർത്തിക്കാതിരിക്കാനാവാതെ ദൈവ പുത്രൻ......

സുവിശേഷം വായിക്കപ്പെടുന്ന പശ്ചാത്തലം യഹൂദരുടെ അഹന്തയാൽ തിര സ്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ മൗനനൊമ്പരങ്ങളാണ്. സ്വന്തജനം അവനെ തിരസ്ക രിച്ചു എന്ന തിരുവെഴുത്തു പോലെ.

യഹൂദർ മാത്രമാണ് ദൈവത്തിന്റെ രക്ഷയ്ക്കു അർഹരായവരെന്നും, വിജാ തീയർ വെറുക്കപ്പെടേണ്ടവരാണെന്നും ധരിച്ച ഒരു സമൂഹത്തിന്റെ അന്ധതയ്ക്കുമേൽ, വിജാ തീയ സ്ത്രീയ്ക്കു വേണ്ടി ചെയ്ത ഈ അത്ഭുതം കൊണ്ട് അഞ്ജനമെഴുതുകയാണ് ക്രിസ്തു.

ദൈവത്തിന്റെ അനുഗ്രഹത്തിന് വേലിക്കെട്ടുകളുടെ വേർതിരിവില്ലെന്നും, അവന്റെ വിരുന്നുശാലയിൽ സമൂഹം അവഗണിച്ചവരും, അകറ്റിനിർത്തിയിരിക്കുന്നവരു മൊക്കെ ക്ഷണിക്കപ്പെട്ട അതിഥികളാണെന്നും ഓർമ്മപ്പെടുത്തുന്ന സൗഖ്യത്തിന്റ ശുശ്രൂ ഷയാണ് ഇവിടെ നടക്കുന്നത്. - വിരുന്നുമേശയ്ക്കരികിലെ വളർത്തുനായയുടെ ഇടമല്ല അവർക്കുവേണ്ടി ക്രിസ്തു ഒഴിച്ചിട്ടത്.

മന:ശാസ്ത്രപരമായ ഒരു സമീപനത്തിനും വിശകലനത്തിനും പ്രസക്തിയുണ്ട് ഈ വചന വ്യാഖ്യാനത്തിന്.

ദാവീദിന്റെ പുത്രനായ യേശുവെന്ന ആ സ്ത്രീയുടെ അഭിസംബോധന ഉറച്ച വിശ്വാസത്തിന്റെ പ്രഘോഷണവും സ്ഥിരീകരണവുമാണ്. ഈ വിശ്വാസ തീക്ഷ്ണതയി ലാണ് അവൾ മകൾക്കുവേണ്ടി സൗഖ്യം യാചിക്കുന്നത്. പക്ഷേ ക്രിസ്തു ഇതിന് മറുപടി കൊടുക്കുന്നില്ല. മൗനമാണ് ഉത്തരം.

ക്രിസ്തുവിന്റെ ഈ മൗനത്തിന്റെയും ആ സ്ത്രീയുടെ വാഗ്വാദങ്ങളുടെയും ഇടവേളകൾക്കു ശേഷമാണ് അവളുടെ വിശ്വാസം അംഗീകരിക്കപ്പെടുന്നതും സൗഖ്യം നല്കുന്നതും.

എന്തേ ദൈവത്തിന് ഈ മൗനം?

രക്ഷയ്ക്കുവേണ്ടി നിലവിളിക്കുന്നവർക്കു മുമ്പിൽ ദൈവപുത്രന്റെ പ്രതികരണം നിശബ്ദ തയായത് എന്തുകൊണ്ടാ? ചില വിശ്വാസഭവനങ്ങളെങ്കിലും കല്ലിന്മേൽ കല്ലുശേഷി ക്കപ്പെടാതെ തകർന്നു പോകുന്നില്ലേ, ഇത്തരം നിലവിളികൾക്കു മുമ്പിൽ ദൈവം നിശ ബ്ദനാകുന്നത് കൊണ്ട് !

വചനച്ചുരുളുകളുടെ പിന്നാമ്പുറങ്ങിൽ നിന്നു തന്നെയാണ് ഇതിന് ഉത്തരം ലഭിക്കുന്നത്.

നീതിമാനെന്ന് വി. ഗ്രന്ഥം അഭിസംബോധന ചെയ്ത അബ്രാഹം കുഞ്ഞുങ്ങളില്ലാത്തതിന്റെ പേരിൽ ശപിക്കപ്പെട്ടവനാണെന്ന സമൂഹത്തിന്റെ ധാരണ സാറായുടെ വന്ധ്യമായ ഉദരത്തെ ചൂണ്ടിക്കാട്ടിയായിരുന്നു. എത്ര തലമുറകൾ ഈ പരിഹാസം ഏറ്റു വാങ്ങിയശേഷമാണ് അവർക്കു കുഞ്ഞിനെ നല്കാൻ ദൈവം തീരുമാനിച്ചത്. അവരുടെ നിലവിളികൾക്കു നേരേ കാതു ചായ്ക്കാൻ  എന്തേ ദൈവം കാലതാമസം വരുത്തി?

അല്ലെങ്കിൽ, ആ കുഞ്ഞിനെ നല്കപ്പെട്ടിട്ടും അവനെ ബലിയർപ്പിക്കണമെന്ന് കേൾക്കുമ്പോൾ അവർ ഏറ്റെടുത്ത ഹൃദയവേദന അവസാന നിമിഷം വരെ - മലമുകളിൽ എത്തി കത്തി ഉയർത്തും വരെ - അനുഭവിക്കാൻ അവരെ എന്തിനു വിട്ടു കൊടുത്തു?

സക്കറിയാ എന്ന മനുഷ്യന്റെ അനപത്യത ദൈവം ഉപേക്ഷിച്ചതിന്റെ സൂചനയാണെന്ന് അയൽക്കാർ പറയുമ്പോൾ അവരുടെ സങ്കടങ്ങളെ ദീർഘകാലം എന്തേ ദൈവം അനുവദിച്ചു?

ജായ്റോസിന്റെ കുഞ്ഞു രോഗബാധിതയാണെന്നറിയുമ്പോൾ തിടുക്കമില്ല ക്രിസ്തുവിന്റെ ചുവടുകൾക്ക്. അതുപോലെ തന്നെയല്ലേ ലാസർ എന്ന സ്നേഹിതൻ രോഗബാധിതനാണെന്നറിഞ്ഞിട്ടും പിന്നെയും ദിവസങ്ങൾ കഴിഞ്ഞ് അവൻ മരിച്ചതിനു ശേഷം മാത്രം അവൻ വീട്ടിലെത്തിയുള്ളു.

ദൈവത്തിന്റെ ഈ മഹാമൗനവും കാലതാമസവും മനുഷ്യന് ഒരുക്കത്തിന്റ കാലഘട്ടമാണ്. - ദൈവത്തിന് കടന്നു ചെല്ലാനുള്ള ഒരുക്കത്തിന്റ.

ഈ കാലഘട്ടം അവർക്ക് വാഗ്വാദത്തിന്റെയും ആത്മസംഘർഷത്തിന്റേതുമാണ്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ മൗനത്തിനു മുമ്പിൽ ആ സ്ത്രീയും ന്യായങ്ങൾ നിരത്തുന്നത്. ഉള്ളുപൊള്ളുമ്പോഴും കണ്ണുനിറയുമ്പോഴും ദൈവത്തോട് കലഹിക്കുന്നത് പരഭവപ്പെടുന്നത്, ഒടുവിൽ അവന്റെ ഇഷ്ടത്തിന് മനസ്സൊരുക്കി കൊടുക്കുന്നതൊക്കെ തമ്പുരാന് എന്റെ ജീവിതത്തിൽ ഇടപെടാനുള്ള ഇടമൊരുക്കി കൊടുക്കലാണ്.

നിന്റെ ആത്മനൊമ്പരങ്ങളുടെ പുൽത്തൊട്ടിയിൽ, നീ വിരിച്ചിടുന്ന ദു:ഖത്തിന്റ കീറത്തുണികൾക്കുമേൽ, സങ്കടങ്ങളുടെ വൈക്കോൽത്തുമ്പുകൾക്കു മേൽ അവൻ രക്ഷകനായ് പിറന്നു വീഴും. സമാധാനവും സൗഖ്യവും നല്കി.

പക്ഷേ അതിനു മുമ്പ് ഒരു അഗ്നിശോധനയുടെ സമയം;

‘‘ഉരുക്കിടുന്നു മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭുവനൈക ശില്പി
മനുഷ്യ ഹൃത്താം കനകത്തെയേതോ
പണിതരത്തിനുപയുക്തമാക്കാൻ’’

**( നാലപ്പാട്ട് )**

ഉരുകുന്നതും കണ്ണീരിൽ മുക്കുന്നതുമൊക്കെ ലോകശില്പി, നിന്റെ ഹൃദയമാകുന്ന സ്വർണ്ണത്തെ അവനിഷ്ടമുള്ളതുപോലെ പണിയാൻ.

കുശവന്റെ ഇഷ്ടമനുസരിച്ച് പാത്രം മെനയാൻ അവൻ കളിമണ്ണു കുഴയ്ക്കും പാത്രത്തിന് കുശവനോടു കലഹിക്കാൻ അവകാശമില്ല....

കാരണം ശോധനചെയ്യപ്പെട്ട വിശ്വാസ ജീവിതമാണ് ദൈവത്തിന് ഇഷ്ടം. അല്ലെങ്കിൽ മഹാവ്യസനങ്ങളിലൂടെ നീതിമാനായ ജോബിനെ കടന്നു പോകാൻ അവൻ അനുവദിക്കില്ലായിരുന്നു.

എന്തിനീ സഹനങ്ങൾ എന്ന ചോദ്യങ്ങൾക്ക് ഒടുവിൽ, ദൈവത്തോട് ഉള്ള വാഗ്വാദങ്ങൾക്ക് ഒടുവിൽ ദൈവം മൗനം വെടിയുന്നതും തിരികെ ജോബിനോട് ചില ചോദ്യങ്ങൾ ചോദിക്കുന്നതും അപ്പോൾ ജോബ് മൗനം പാലിക്കുന്നതുമൊക്കെ കണ്ടാണ് സങ്കടങ്ങളുടെ ഈ പുസ്തകം അടച്ചുവയ്ക്കുന്നത്;

- ദൈവത്തിന്റെ മൗനത്തിനും, മനുഷ്യന്റെ മൗനത്തിനും അർത്ഥമുണ്ടെന്ന തിരിച്ചറിവോടെ!

**ഫാ. അലക്സ് വേലച്ചേരി.**